# 2014-ലെ കേരള ധനവിനിയോഗ (5-ാം നമ്പർ) ബിൽ

(നിയമസഭ പാസ്സാക്കിയ പ്രകാരമുള്ളത്)

## 1998 മാർച്ച് 31-ാം തീയതി അവസാനിച്ച സാമ്പത്തിക വർഷത്തിൽ ചില സർവ്വീസുകൾക്കായി ആ വർഷത്തിൽ അനുവദിച്ച തുകകളിൽ കവിഞ്ഞ് ചെലവാക്കിയ തുകകൾ നേരിടുന്ന തിനായി കേരള സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും ധനം വിനിയോഗിക്കാൻ അധികാര പ്പെടുത്തുന്നതിന് വ്യവസ്ഥ ചെയ്യുന്ന

ഒരു

## ബിൽ

പീഠിക.—1998 മാർച്ച് 31-ാം തീയതി അവസാനിച്ച സാമ്പത്തിക വർഷത്തിൽ ചില സർവ്വീസുകൾക്കായി ആ വർഷത്തിൽ അനുവദിച്ച തുകകളിൽ കവിഞ്ഞ് ചെലവാക്കിയ തുകകൾ നേരിടുന്നതിനായി കേരള സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും ധനം വിനിയോഗിക്കാൻ അധികാരപ്പെടുത്തുന്നതിന് വ്യവസ്ഥ ചെയ്യേണ്ടത് ആവശ്യമായിരിക്കുകയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തി അഞ്ചാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു :—

1. ചുരുക്കപ്പേര്.—ഈ ആക്റ്റിന് 2014-ലെ കേരള ധനവിനിയോഗ (5-ാം നമ്പർ) ആക്റ്റ് എന്ന് പേര് പറയാം.

2. 1998 മാർച്ച് 31-ന് അവസാനിച്ച സാമ്പത്തിക വർഷത്തിൽ ചില അധിക ചെലവ് നേരിടുന്നതിനായി കേരള സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും 3,92,65,631 രൂപ നൽകൽ.—പട്ടികയിലെ (2)-ാം കോളത്തിൽ വിനിർദ്ദേശിച്ചിട്ടുള്ള സർവ്വീസുകൾ സംബന്ധിച്ച് 1998 മാർച്ച് 31-ാം തീയതി അവസാനിച്ച സാമ്പത്തിക വർഷത്തിൽ ആ സർവ്വീസുകൾക്ക് ആ വർഷത്തേക്കുവേണ്ടി അനുവദിച്ച തുകകളിൽ കവിഞ്ഞ് ചെലവാക്കിയ തുകകൾ നേരിടുന്നതിനായി പട്ടികയിലെ (3)-ാം കോളത്തിൽ വിനിർദ്ദേശിച്ചിട്ടുള്ള ഒട്ടാകെ മൂന്ന് കോടി തൊണ്ണൂറ്റി രണ്ട് ലക്ഷത്തി അറുപത്തി അയ്യായിരത്തി അറുനൂറ്റി മുപ്പത്തി ഒന്ന് രൂപ വരുന്ന തുക കേരള സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും നൽകുന്നതിനും വിനിയോഗിക്കുന്നതിനും അധികാരപ്പെടുത്തിയിരുന്നതായി കരുതപ്പെടുന്നതാണ്.

3. ധനവിനിയോഗം.—ഈ ആക്റ്റിൻ കീഴിൽ കേരള സംസ്ഥാന സഞ്ചിത നിധിയിൽനിന്നും നൽകുന്നതിനും വിനിയോഗിക്കുന്നതിനും അധികാരപ്പെടുത്തി യിരുന്നതായി കരുതപ്പെടുന്ന തുകകൾ 1998 മാർച്ച് 31-ാം തീയതി അവസാനിച്ച സാമ്പത്തികവർഷം സംബന്ധിച്ച പട്ടികയിൽ പറഞ്ഞിട്ടുള്ള സർവ്വീസുകൾക്കും ആവശ്യങ്ങൾക്കും വേണ്ടി വിനിയോഗിച്ചിട്ടുള്ളതായി കരുതപ്പെടുന്നതാണ്.

KNPP. 296/2014.

## പട്ടിക

(2-ഉം 3-ഉം വകുപ്പുകൾ കാണുക)

| (1) | (2) | | (3) | | |
|---|---|---|---|---|---|
| | | | *കവിഞ്ഞത്* | | |
| *ധനാഭ്യർത്ഥന നമ്പർ* | *സർവ്വീസുകളും ആവശ്യങ്ങളും* | | *നിയമസഭ വോട്ട് ചെയ്തത് (₹)* | *സഞ്ചിത നിധിയിൽ ചാർജ്ജ് ചെയ്തത് (₹)* | *ആകെ (₹)* |
| XXV | പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം | മൂലധനം | 3,92,65,631 | .. | 3,92,65,631 |
| | | ആകെ | 3,92,65,631 | .. | 3,92,65,631 |

296/2014.